ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.08.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) പരീക്ഷകളുടെ സുതാര്യത ഉറപ്പു വരുത്തുന്നതിൻറെ ഭാഗമായി നാഷണൽ ടെസ്റ്റിംഗ് ഏജൻസി പുനഃസംഘടിപ്പിച്ച് കേന്ദ്ര സർക്കാർ.

**National Testing Agency revamps its examination team by removing 600 experts and on boarding new ones.**

2) സംസ്ഥാനത്ത് ഓണം പ്രമാണിച്ച് അടുത്ത മാസത്തേക്കുള്ള സാമൂഹിക ക്ഷേമ പെൻഷൻ വിതരണം ഇന്ന് മുതൽ ആരംഭിച്ചു

**In Kerala, the distribution of social welfare pensions for the coming month has begun from today in connection with Onam.**

3) ഇന്ത്യ-സിംഗപ്പൂർ മിനിസ്റ്റീരിയൽ റൗണ്ട് ടേബിളിൽ പങ്കെടുക്കുന്നതിനായി കേന്ദ്രമന്ത്രി നിർമ്മല സീതാരാമൻറെ നേതൃത്വത്തിലുള്ള മന്ത്രിതല സംഘം ഇന്ന് സിംഗപ്പൂരിലെത്തും.

**A ministerial delegation led by Union Minister Nirmala Sitharaman will arrive in Singapore today to participate in the India-Singapore Ministerial Roundtable.**

4) ഇന്ത്യയുടെ വളർച്ചാ യാത്രയിൽ നിക്ഷേപത്തിന് പ്രധാന പങ്കുണ്ടെന്നും രാജ്യത്തിൻറെ സാമ്പത്തിക വളർച്ച ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടതായും കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.

**Union Minister Ashwini Vaishnaw said that investment plays an important role in India's growth journey and that the country's economic growth has been recognised globally.**

5) പശ്ചിമേഷ്യൻ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ ഇറാനുമായുള്ള എല്ലാ വാണിജ്യ ഇടപാടുകളും നിർത്തിവച്ച് യു.എ.ഇ.

**The UAE has suspended all commercial transactions with Iran amid the conflicts in West Asia.**

6) FIH ഹോക്കി ലോകകപ്പിൽ ഇന്ത്യൻ പുരുഷ ടീം ഇന്ന് പാകിസ്ഥാനെ നേരിടും.

**The Indian men's team will face Pakistan today in the FIH Hockey World Cup.**

## NTA-REVAMP

പരീക്ഷകളുടെ സുതാര്യത ഉറപ്പു വരുത്തുന്നതിൻറെ ഭാഗമായി നാഷണൽ ടെസ്റ്റിംഗ് ഏജൻസി പുനഃസംഘടിപ്പിച്ച് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം. 600 വിദഗ്ധരെ പാനലിൽ നിന്ന് ഒഴിവാക്കി. നാല് തലങ്ങളിലുള്ള ചോദ്യപേപ്പർ പരിശോധനാ സംവിധാനം ഏർപ്പെടുത്തുമെന്നും, സുരക്ഷ ശക്തമാക്കുമെന്നും മന്ത്രാലയം അറിയിച്ചു.

## SITHARAMAN-ISMR

നാലാമത് ഇന്ത്യ-സിംഗപ്പൂർ മിനിസ്റ്റീരിയൽ റൗണ്ട് ടേബിളിൽ പങ്കെടുക്കുന്നതിനായി കേന്ദ്രമന്ത്രി നിർമ്മല സീതാരാമൻറെ നേതൃത്വത്തിലുള്ള ഉന്നതതല സംഘം സിംഗപ്പൂരിലേക്ക് തിരിച്ചു. കേന്ദ്ര മന്ത്രിമാരായ എസ്. ജയ്ശങ്കർ, പിയൂഷ് ഗോയൽ, ജിതിൻ പ്രസാദ എന്നിവരടങ്ങുന്നതാണ് സംഘം. ഇന്ത്യയും സിംഗപ്പൂരും തമ്മിലുള്ള ഉന്നതതല സാമ്പത്തിക സഹകരണ സംവിധാനമാണ് 2022-ൽ ആരംഭിച്ച ISMR. ഇരു രാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള വേദിയായി നാലാമത് ഐ.എസ്.എം.ആർ മാറുമെന്ന് കേന്ദ്ര ധനകാര്യ മന്ത്രാലയം വ്യക്തമാക്കി.

## ASHWINI VAISHNAW ( INTRO)

ഇന്ത്യയുടെ സാമ്പത്തിക വളർച്ച ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. ന്യൂഡൽഹിയിൽ ഉത്തർപ്രദേശ് - ജപ്പാൻ നിക്ഷേപക ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യം ആറ് മുതൽ എട്ട് ശതമാനം വരെ വളർച്ചാ നിരക്കിലാണ് മുന്നേറുന്നതെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്തിന്റെ വളർച്ചാ യാത്രയിൽ നിക്ഷേപം പ്രധാന പങ്കുവഹിക്കുന്നതായും അദ്ദേഹം വ്യക്തമാക്കി.

(വോയിസ്...)

## AMIT SHAH

രണ്ട് ദിവസത്തെ തമിഴ്നാട് സന്ദർശനത്തിന്റെ ഭാഗമായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ ഇന്ന് ചെന്നൈയിലെത്തും. നാളെ ചെന്നൈയ്ക്കടുത്തുള്ള കോവളത്ത് നടക്കുന്ന ദക്ഷിണേന്ത്യൻ മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിൽ അദ്ദേഹം പങ്കെടുക്കും. തമിഴ്നാട്, കേരളം, ആന്ധ്രാപ്രദേശ്, തെലങ്കാന, പുതുച്ചേരി മുഖ്യമന്ത്രിമാരും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

## SOCIAL WELFARE PENSION

സംസ്ഥാനത്ത് ഓണം പ്രമാണിച്ച് അടുത്ത മാസത്തേക്കുള്ള സാമൂഹിക ക്ഷേമ പെൻഷൻ വിതരണം ഇന്ന് മുതൽ ആരംഭിച്ചു. ഇതിനായി 1,105 കോടി രൂപ അനുവദിച്ചതായി മുഖ്യമന്ത്രി വി.ഡി.സതീശൻ അറിയിച്ചു. സർക്കാർ ജീവനക്കാരുടെയും ,പെൻഷൻകാരുടെയും ആനുകൂല്യങ്ങളും ബോണസും നൽകുന്നതിനായി 630 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

## N SHAMSUDDIN

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കായുള്ള അരി വിതരണത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി എൻ ഷംസുദ്ദീൻ തിരുവനന്തപുരത്ത് നിർവഹിച്ചു. സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ പ്രീ പ്രൈമറി മുതൽ എട്ടാം ക്ലാസ് വരെയുള്ള വിദ്യാർഥികൾക്കാണ് ഓണത്തോടനുബന്ധിച്ച് 4 കിലോഗ്രാം വീതം അരി, വിതരണം ചെയ്യുന്നത്.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## KOZHIKODE - ( INTRO)

ഓണത്തിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ ഉത്തര കേരളത്തിൽ ഒരുക്കങ്ങൾ സജീവമായി. ഓണ വിപണിയും ഉണർന്നിട്ടുണ്ട്. വിവിധ സംഘടനകളുടേയും സ്ഥാപനങ്ങളുടേയും ആഭിമുഖ്യത്തിൽ ഓണാഘോഷ പരിപാടികളും ആരംഭിച്ചു.

**ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു തയ്യാറാക്കിയ റിപ്പോർട്ട്...**

**( വോയിസ്...)**

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## SATYENDAR JAIN

ആം ആദ്മി നേതാവും ഡൽഹി മുൻ മന്ത്രിയുമായ സത്യേന്ദർ ജെയിനെ ഡൽഹി ആൻറി കറപ്ഷൻ വിഭാഗം അറസ്റ്റ് ചെയ്തു. മലിനജല സംസ്കരണ പ്ലാൻറ് നവീകരണവുമായി ബന്ധപ്പെട്ട ടെൻഡർ നടപടികളിൽ ക്രമക്കേട് ആരോപിച്ചാണ് അറസ്റ്റ്. ഡൽഹി ജല ബോർഡ് മുൻ സി.ഇ.ഒ യും മറ്റ് നാലുപേരും കേസിൽ അറസ്റ്റിലായിട്ടുണ്ട്.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## JHARKHAND - EXAMS

ജാർഖണ്ഡിൽ വിദ്യാർത്ഥി പ്രതിഷേധങ്ങളുടെ പശ്ചാത്തലത്തിൽ 44 നിയമന പരീക്ഷകൾ റദ്ദാക്കി സംസ്ഥാന സർക്കാർ.. 2014 മുതൽജാർഖണ്ഡ് പബ്ലിക് സർവീസ് കമ്മീഷനും, ഔട്ട്സോഴ്സ് ഏജൻസിയായ TSR ഡാറ്റാ പ്രോസസിംഗ് പ്രൈവറ്റ് ലിമിറ്റഡും നടത്തിയ പരീക്ഷകളാണ് റദ്ദാക്കിയത്.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## ODISHA-FLOOD

വടക്കൻ ഒഡീഷയിൽ പ്രളയസാഹചര്യം തുടരുന്നു. ആറ് ജില്ലകളിലാണ് വെള്ളപ്പൊക്കം രൂക്ഷം. പത്ത് ലക്ഷത്തോളം ആളുകളെ പ്രളയം ബാധിച്ചതായാണ് റിപ്പോർട്ട് .വൈതരിണി നദിയിലെ ജലനിരപ്പ് അപകടരേഖയ്ക്ക് മുകളിലാണ് . ബ്രാഹ്മണി, സലാന്ദി, സുബർണരേഖ നദികൾ കരകവിഞ്ഞൊഴുകിയതോടെ നിരവധി ഗ്രാമങ്ങൾ ഒറ്റപ്പെട്ട അവസ്ഥയിലാണ്.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## DEHRADUN HEAVY RAIN

ഉത്തരാഖണ്ഡിൽ ശക്തമായ മഴയിൽ കൂറ്റൻ പാറക്കല്ലുകൾ പതിച്ച് ധാർചുല-തവാഘട്ട് ദേശീയപാതയിലെ കുലാഗഢ് ബെയ്‌ലി പാലം തകർന്നു. ഇതോടെ ആദി കൈലാഷ്, മാനസ സരോവർ തീർത്ഥാടന പാതകളിലെ റോഡ് ഗതാഗതവും ചൈന അതിർത്തിയിലേക്കുള്ള ബന്ധവും തടസ്സപ്പെട്ടു. . അരുവിയിൽ നീരൊഴുക്ക് ശക്തമായതിനാൽ ബദൽ പാത നിർമ്മിക്കാൻ സാധിക്കാത്ത സ്ഥിതിയാണ്.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## RAIN- KERALA

കേരളത്തിൽ ചിലയിടങ്ങളിൽ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കള്ളക്കടൽ പ്രതിഭാസത്തിന്‍റെ ഭാഗമായി

സംസ്ഥാനത്തെ എല്ലാ തീരദേശ ജില്ലകളിലും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം. ലക്ഷദ്വീപിലും ഇന്നും നാളെയും കള്ളക്കടൽ പ്രതിഭാസത്തെത്തുടർന്ന് കടലാക്രമണത്തിന് സാധ്യതയുണ്ട്.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## HOCKEY

നെതർലൻഡ്സിൽ നടക്കുന്ന FIH ഹോക്കി ലോകകപ്പ് പൂൾ D യിൽ ഇന്ത്യൻ പുരുഷ ടീം ഇന്ന് പാകിസ്ഥാനെ നേരിടും. വാഗ്നർ ഹോക്കി സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരം ഇന്ത്യൻ സമയം വൈകുന്നേരം 6.30 ന് ആരംഭിക്കും.പൂൾ D യിൽ നാളെ ഇന്ത്യൻ വനിതാ ടീം ഇംഗ്ലണ്ടിനെ നേരിടും.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## TEST CRICKET- IND VS SL

ഇന്ത്യക്കെതിരായ ആദ്യ ടെസ്റ്റ് ക്രിക്കറ്റിന്റെ രണ്ടാം ഇന്നിങ്സിൽ ശ്രീലങ്കയുടെ ബാറ്റിംഗ് പുരോഗമിക്കുന്നു. 372 റൺസ് വിജയലക്ഷ്യം പിന്തുടർന്ന് അഞ്ചാം ദിനം ബാറ്റിംഗ് പുനഃരാരംഭിച്ച ശ്രീലങ്ക, ഒടുവിൽ വിവരം ലഭിക്കുമ്പോൾ, 6 വിക്കറ്റിന് 175 റൺസ് എന്ന നിലയിലാണ്. 65 ഓവറിൽ നിന്നും 197 റൺസാണ് ശ്രീലങ്കയ്ക്ക് വിജയിക്കാൻ വേണ്ടത്.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## UAE

ഇറാനുമായുള്ള എല്ലാ വാണിജ്യ ഇടപാടുകളും നിർത്തിവച്ചതായി യു.എ.ഇ. പശ്ചിമേഷ്യൻ സംഘർഷത്തിൻറെ പശ്ചാത്തലത്തിലാണ് നടപടി. ഇറാൻ വീണ്ടും മിസൈൽ ആക്രമണം നടത്തിയതിന് പിന്നാലെയാണ് തീരുമാനം.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## TRUMP IRAN

ഹോർമുസ് കടലിടുക്ക് സംബന്ധിച്ച് കരാറിൽ എത്തുന്നതുവരെ ഇറാനുമായുള്ള ചർച്ചകൾ നിർത്തിവയ്ക്കാൻ നയതന്ത്ര സംഘത്തിന് നിർദേശം നൽകി യുഎസ് പ്രസിഡന്റ് ഡോണാൾഡ് ട്രംപ്. ഇറാനുമായി നിലവിൽ ഒരു ചർച്ചയും നടക്കുന്നില്ലെന്നും ട്രംപ് സാമൂഹിക മാധ്യമത്തിലൂടെ അറിയിച്ചു. അമേരിക്കയുമായി ഒപ്പുവെച്ച ധാരണാപത്രത്തിലെ എല്ലാ വ്യവസ്ഥകളും പൂർണ്ണമായി പാലിക്കപ്പെടുന്നത് വരെ ഹോർമുസ് കടലിടുക്ക് അടച്ചിടുമെന്ന് ഇറാനും വ്യക്തമാക്കിയിട്ടുണ്ട്.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## US- CANADA TARIFFS

20 ബില്ല്യൺ യു.എസ്. ഡോളർ മൂല്യമുള്ള കനേഡിയൻ ഇറക്കുമതികൾക്ക് 50 ശതമാനം തീരുവ നടപ്പാക്കുന്നത് നീട്ടിവെച്ച് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ്

ട്രംപ്. ഇരുരാജ്യങ്ങളും ധാരണയിൽ എത്തിയതിനെ തുടർന്നാണ്, ഉപരോധം പ്രാബല്യത്തിൽ വരാൻ മണിക്കൂറുകൾ ബാക്കി നിൽക്കെ പ്രഖ്യാപനം. തീരുവ നടപ്പാക്കുന്നത് വെള്ളിയാഴ്ച വരെ നീട്ടിവെച്ചതായി കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി അറിയിച്ചു.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## ARANMULA

ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിലെ ആചാര അനുഷ്ഠാനങ്ങളുടെ ഭാഗമായ തിരുവോണത്തോണി മുങ്ങി, കേടുപാടുകൾ സംഭവിച്ചു.തിരുവോണ ദിനത്തിൽ സദ്യയ്ക്കുള്ള സാധനങ്ങളുമായി എത്തുന്ന തോണി മുങ്ങിയത് ആശങ്കയ്ക്ക് ഇടയാക്കിയിട്ടുണ്ട്. തോണി കരയ്ക്കുകയറ്റി അറ്റകുറ്റപ്പണികൾ ആരംഭിച്ചു.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## SAKSHAM

ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളുടേയും സ്ഥാപനങ്ങളുടേയും അനുഭവങ്ങളും അറിവുകളും സാങ്കേതികവിദ്യകളും

ഒരേ വേദിയിൽ എത്തിക്കുക എന്ന ലക്ഷ്യവുമായി അടുത്ത ജനുവരിയിൽ തിരുവനന്തപുരത്ത് സക്ഷം ഉൽസവ് സംഘടിപ്പിക്കുമെന്ന്

സി. സദാനന്ദൻ മാസ്റ്റർ എംപി. ജനുവരി 20 മുതൽ 24 വരെ നടത്തുന്ന പരിപാടിയുടെ ഭാഗമായി പ്രദർശനം, സെമിനാറുകൾ, സാംസ്കാരിക പരിപാടികൾ തുടങ്ങിയവ നടക്കും.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## VOLLEYBALL

കേരള കോളേജ് സ്പോർട്സ് ലീഗ് വോളിബോൾ മത്സരങ്ങൾക്ക് ഇന്ന് തിരുവനന്തപുരത്ത് തുടക്കമായി. കായിക വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും ഖേലോ ഇന്ത്യ പദ്ധതിയുമായി ചേർന്ന് നടത്തുന്ന ലീഗ് മന്ത്രി റോജി എം ജോൺ ഉദ്ഘാടനം ചെയ്തു. മന്ത്രി . ഒ. ജെ. ജനീഷ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കോളേജ് ക്യാമ്പസുകളിലേക്ക് വോളിബോളിന്റെ പ്രതാപകാലം തിരികെ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് മത്സരം സംഘടിപ്പിക്കുന്നത്.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## KOLKATA FIRE

കൊൽക്കത്തയിലെ ന്യൂ മാർക്കറ്റ് ഏരിയയിലുള്ള ഫ്രീ സ്കൂൾ സ്ട്രീറ്റിലെ ഹോട്ടലിൽ ഇന്ന് പുലർച്ചെയുണ്ടായ തീപിടുത്തത്തിൽ ഒൻപത് മരണം. ആറ് പേർക്ക് പരിക്കേറ്റിട്ടുണ്ട്. പ്രാഥമിക അന്വേഷണത്തിൽ ഹോട്ടലിൽ അഗ്നിരക്ഷാ സംവിധാനങ്ങളോ സുരക്ഷാ മാർഗ്ഗങ്ങളോ ഉണ്ടായിരുന്നില്ലെന്ന് വ്യക്തമായിട്ടുണ്ട്.അപകടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദുഃഖം രേഖപ്പെടുത്തി.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖
❖❖❖❖❖❖❖❖❖❖❖❖❖❖❖
❖❖❖❖❖❖❖